ഉത്തരം

(എ) ഈ നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ഈ ആശുപത്രിയിൽ ഉള്ള ആകെ 16 തസ്തികകളിൽ മൂന്നെണ്ണം ഡോക്ടർമാരുടെ തസ്തികയാണ്.

(സി) വാർഡിന്റെ പണി പൂർത്തിയാക്കി കെട്ടിടം കൈമാറ്റം ചെയ്യുകയും ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ബന്ധപ്പെട്ട പഞ്ചായത്ത് ഏർപ്പെടുത്തുകയും ചെയ്തുകഴിഞ്ഞശേഷമേ ഇക്കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

(ഡി) തസ്തികമാറ്റി വിഷചികിത്സാ വിദഗ്ധനെ നിയമിക്കുന്നതിന് പ്രതിവർഷം ഉദ്ദേശം 10,000 രൂപ അധികചിലവ് ഉണ്ടാകും.

(ഇ) ഈ സാമ്പത്തികവർഷം ഏതൊക്കെ ആശുപത്രികളിലെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കണം എന്നതു സംബന്ധിച്ച് തീരുമാനം ആയിട്ടില്ല.

220 (2536) മുളക്കുഴ ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്താൻ നടപടി

ശ്രീ. കടന്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ മുളക്കുഴ ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) മുളക്കുഴ ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുളക്കുഴ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ലഭിച്ചിട്ടുണ്ട്.

(സി)&(ഡി) മുളക്കുഴ ആയുർവേദ ഡിസ്പെൻസറി ചെങ്ങന്നൂർ ആയുർവേദ ആശുപത്രിയുടെ സമീപ പ്രദേശത്താണ്. ആസ്പത്രി സൗകര്യം പോലും ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ അവ തുടങ്ങുന്നതിനാണ് ഗവൺമെന്റ് മുൻഗണന നൽകിവരുന്നത്.

221 (2537) ഹോമിയോപ്പതി അലോപ്പതി ഡയറക്ടർമാരുടെ നിയമനം

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. കെ.എം. മാണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly